1986–ലെ കേരള തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ ക്ഷേത്രവും ഭവനനിർമ്മാണവും തൊഴിലും സംബന്ധിച്ച ഏഴാം സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ബിൽ ഏഴാം സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

(4) 1986–ലെ തിരുവിതാംകൂർ—കൊച്ചി ഹിന്ദുമത സ്ഥാപനങ്ങളും (ഭേദഗതി) ബിൽ

Minister for Panchayats and Devaswom (**Shri. C. M. Sundaram**): Sir, I introduce the Travancore–Cochin Hindu Religious Institutions (Amendment) Bill, 1986. I also lay on the table a statement explaining the circumstances which had necessitated immediate legislation by promulgation of the ordinance.

Mr. Speaker: The Bill stands introduced.

Shri. C. M. Sundaram: I move that the Travancore-Cochin Hindu Religious Institutions (Amendment) Bill, 1986 may be referred to the Subject Commtee II–Land Revenue, Forests and Fisheries.

സഹകരണ വകുപ്പുമന്ത്രി (ശ്രീമതി എം. കമലം): സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ഹോണറബിൾ മിനിസ്റ്റർ, എന്തെങ്കിലും പറയാനുണ്ടോ?

ശ്രീ. സി. എം. സുന്ദരം: സർ, ബിൽ സബ്ജക്ട് കമ്മിറ്റിക്കു് അയയ്ക്കണമെന്നു മാത്രമേ പറയാനുള്ളു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ഈ ബിൽകൊണ്ടു് ഉദ്ദേശിച്ചിട്ടുള്ളതു് ക്ഷേത്രങ്ങളുടെ സംരക്ഷണം നടത്തുന്നതു് ഈശ്വരവിശ്വാസികളായിരിക്കണമെന്നുള്ളതാണു്. പല്ലികളായാലും അമ്പലങ്ങളായാലും വിശ്വസിക്കുന്നവരുടെ വിശ്വാസമനുസരിച്ചു് അതു് പരിശുദ്ധമായ ദേവാലയമാണു്. ആ ദേവാലയങ്ങളിൽ വിശ്വാസമില്ലാത്ത ആളുകൾ കൈകാര്യം ചെയ്താൽ അതിനു് അർഹിക്കുന്ന പരിഗണന ഉണ്ടാകുകയില്ലെന്നും ആ സ്ഥാപനങ്ങൾ കാത്തു സൂക്ഷിക്കുന്നതിൽ അവർക്കു് ആത്മാർത്ഥതയുണ്ടാകുകയില്ലെന്നുള്ളതുമാണു്. ഈശ്വരവിശ്വാസികളുടെയിടയിലുള്ളതായ ഒരു ധാരണ. ആ ധാരണ തെറ്റാണെന്നു പറഞ്ഞുകൂടാ. ഈശ്വരൻ ഇല്ല, അല്ലെങ്കിൽ ഈശ്വരവിശ്വാസം അടിസ്ഥാനരഹിതമാണു്, ക്ഷേത്രാരാധന അനാവശ്യമാണു് എന്നെല്ലാം വിശ്വസിക്കുന്ന ആളുകളുണ്ടു്. ഒരു കാര്യം ചെയ്യാൻ പോകുമ്പോൾ ആ കാര്യത്തിൽ വിശ്വാസമില്ലാത്ത ആളുകളാണെങ്കിൽ ആ കാര്യം ഫലപ്രദമായി ചെയ്യാനിടയാവുകയില്ലെന്നുള്ളതാണു് സത്യം. ആ നിലയിൽ ദേവസ്വത്തിന്റെ രേണാധികാരികളായി വരുന്ന ആളുകൾ അതിൽ വിശ്വാസമുള്ളവരായിരിക്കണമെന്ന ഒരു ഭേദഗതി മാത്രമാണു് ഈ ബിൽ കൊണ്ടു് ഉദ്ദേശിച്ചിട്ടുള്ളതു്. ദേവസ്വം ബോർഡിലേയ്ക്ക് അംഗങ്ങൾ വരികയാണെങ്കിൽ അല്ലെങ്കിൽ മറ്റു സ്ഥാനങ്ങളിൽ വരുന്ന ആളുകൾ ഈശ്വര

LIBRARY ARCHIVES Kerala Legislative Assembly

വിശ്വാസികളായിരിക്കണമെന്നു മാത്രമേ ഇതിൽ വ്യവസ്ഥയുള്ളൂ. ഇത് വലിയ തർക്കത്തിനു ഇടയുള്ള ഒരു ബിൽ അല്ല. ഇത് സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്നുള്ള പ്രമേയം അവതരിപ്പിച്ചിരിക്കുകയാണ്.

ശ്രീ. കെ. ജി. ആർ. കർത്താ: സർ, ശ്രീ. എ. സി. ജോസിനു വേണ്ടി ഞാൻ താഴെക്കാണുന്ന ഭേഗതി മൂവ് ചെയ്യുകയാണ്.

I move that the Travancore-Cochin Hindu Religious Institutions (Amendment) Bill, 1986 be referred to a Select Committee.

സർ, ഞാൻ ഈ നിയമത്തെ സർവ്വാത്മനാ സ്വാഗതം ചെയ്യുകയാണ്. അതേയവസരത്തിൽ ഒരു കാര്യം വിട്ടുപോയിട്ടുണ്ട്. അത് ചൂണ്ടിക്കാണിക്കുവാൻ വേണ്ടി മാത്രമാണ് ഞാൻ സംസാരിക്കുന്നത്. മലബാറിൽ മൂവായിരത്തിൽപരം ക്ഷേത്രങ്ങളുണ്ട്, അനേകായിരം ക്ഷേത്രജീവനക്കാരുമുണ്ട്. എന്നാൽ ഇന്ന് ഏത് നിയമമാണ് ആ ക്ഷേത്രങ്ങളെ ഭരിയ്ക്കുന്നതെന്നുള്ള കാര്യം മനസ്സിലാക്കണം. മദ്രാസ് നിയമമാണ് ഇന്ന് മലബാർ പ്രദേശത്തുള്ള ക്ഷേത്രങ്ങളെ ഭരിക്കുന്നത്. അവിടെ വാസ്തവത്തിൽ ഒരു ഭരണം തന്നെ നടക്കുന്നുണ്ടോയെന്ന് എനിക്ക് സംശയമുണ്ട്. വളരെ എണ്ണപ്പെട്ട ക്ഷേത്രങ്ങളുള്ള കടാമ്പുഴ തുടങ്ങിയ നിരവധി ക്ഷേത്രങ്ങളുള്ള സ്ഥലമാണത്. മൂവായിരത്തോളം ക്ഷേത്രങ്ങളും അവിടെയുണ്ട്. അവർക്ക് തിരുവിതാംകൂറിലും കൊച്ചിയിലും ഉള്ളതുപോലെ ഒരു ബോർഡ് ഉണ്ടാക്കണമെന്നുള്ളതാണ് എനിക്ക് പറയുവാനുള്ളത്. അക്കാര്യം കൂടി ബിൽ സബ്ജക്ട് കമ്മിറ്റിയ്ക്ക് പോകുമ്പോൾ പരിഗണനയ്ക്ക് എടുത്തുകൊണ്ട് ഇതുപോലുള്ള ഒരു ബോർഡ് ദേവസ്വം ബോർഡ്, മലബാറിലും ഉണ്ടാക്കണം. ഒരു ഏകീകൃത ദേവസ്വം ബോർഡ് ഉണ്ടാകണമെന്ന് ഞാനഭിപ്രായപ്പെട്ടിരുന്നു. രണ്ട് റിപ്പോർട്ടുകൾ നമ്മുടെ മുൻപിൽ വന്നിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് അറിയാം. അദ്ദേഹം തന്നെ ഉത്തരവിട്ട ശ്രീ. ശങ്കരൻ നായർ കമ്മീഷൻ റിപ്പോർട്ട് വന്നിട്ടുണ്ട്. അത് ഇപ്പോൾ പ്രായോഗികമല്ലെങ്കിൽ മലബാറിലേക്കുവേണ്ടി ഒരു പ്രത്യേക ബോർഡ് ഈശ്വരവിശ്വാസികൾ അടങ്ങുന്ന ഒരു ബോർഡ് ഉണ്ടാക്കിക്കൊണ്ട് അവിടത്തെ ക്ഷേത്രങ്ങളിൽ സൽഭരണമുണ്ടാക്കണമെന്നതാണ് ഈ ഭേഗതികൊണ്ട് ഉദ്ദേശിക്കുന്നത്. വളരെ എളുപ്പത്തിൽ കൊച്ചിയിലെയും തിരുവിതാംകൂറിലെയും, പ്രത്യേകം പറഞ്ഞതുപോലെ ഈശ്വരവിശ്വാസികൾ അടങ്ങിയ ഒരു ബോർഡ് ഉണ്ടാക്കണം എന്ന് മൂന്നാമത് കൂടി ചേർത്തുകൊണ്ട് ഈ നിയമം പാസ്സാക്കി എടുക്കണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്.

ശ്രീ. ടി. എസ്. ജോൺ: സർ, ഈ നിയമത്തെ ഞാൻ അനുകൂലിക്കുകയാണ്. ഈശ്വരവിശ്വാസികൾ യഥാർത്ഥത്തിൽ ബോർഡിന്റെ കീഴിൽ അമ്പലം ഭരിക്കണം എന്നുള്ളതാണ് ഇതിന്റെ ഉദ്ദേശം. എനിക്കറിയാം മുൻകാലഘട്ടങ്ങളിൽ ദേവസ്വവും കൊച്ചിൻ ദേവസ്വവുമെല്ലാം ഭരിച്ചിരുന്നവരിൽ എല്ലാവരും ദൈവവിശ്വാസികൾ അല്ലായിരുന്നു. അപ്പോൾ ദൈവവിശ്വാസികളല്ലാത്ത ആളുകൾ ശബരിമലയിലും ഗുരുവായൂരിലും എങ്ങനെയാണ് പോകുന്നത്? അപ്പോൾ ഗുരുവായൂർ ക്ഷേത്രത്തിനകത്ത് കയറാൻ മറ്റു ദൈവവിശ്വാസികൾക്ക് സാധിക്കുമോ? ഇതൊക്കെ ഒരു പ്രശ്നമായി വന്നു. അതുകൊണ്ടാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ഈശ്വരവിശ്വാസികൾ തന്നെ അമ്പലം ഭരിക്കണമെന്ന് തീരുമാനിച്ചത്. അതിനുവേണ്ടി കൊണ്ടുവന്ന ഒരു നിയമമാണിത്. അതുപോലെതന്നെ ഈശ്വരവിശ്വാസികളായ മന്ത്രിമാർക്ക്

LIBRARY ARCHIVES Kerala Legislative Assembly

വോട്ട് മതി, അല്ലെങ്കിൽ എം. എൽ. എ. യ്ക്ക് വോട്ട് മതി എന്നുള്ള ആ സ്ഥിതി ഈ രാജ്യത്ത് ഉണ്ടാക്കിയത് യഥാർത്ഥത്തിൽ ഈ ഗവൺമെന്റാണ്. ഇൻഡ്യാ മഹാരാജ്യത്ത് കുറഞ്ഞത് 95% ത്തോളം ആളുകൾ ഈശ്വരവിശ്വാസികളാണ്. അങ്ങനെ ഈശ്വരവിശ്വാസികളെ ബഹുമാനിക്കുക, ആദരിക്കുക എന്നുള്ളത് യഥാർത്ഥത്തിൽ ഇൻഡ്യാ മഹാരാജ്യത്തിന്റെ സംസ്ക്കാരമാണ്. ഏത് മതത്തിൽ വിശ്വസിച്ചാലും മതേതരത്വമാണ് ഭാരതത്തിന്റെ മുഖ്യമായിട്ടുള്ള തത്വം. മറ്റ് മതങ്ങളോട് സഹിഷ്ണുത, മറ്റ് മതങ്ങളെ ആദരിക്കുക, ബഹുമാനിക്കുക, മറ്റു മതവിശ്വാസികളെ ആദരിക്കുക, ബഹുമാനിക്കുക, ഇതെല്ലാം ഇൻഡ്യാമഹാരാജ്യത്തെ എല്ലാവിഭാഗം ആളുകളും എല്ലാ ജാതിമതത്തിൽപ്പെട്ട ആളുകളും അംഗീകരിക്കുന്ന കാര്യമാണ്. ഒരു മതത്തെ കരിതേച്ചു കാണിക്കുകയെന്ന് പറഞ്ഞാൽ ഒരു മതവും അതിനെ അംഗീകരിയ്ക്കുന്നില്ല. എല്ലാ മതങ്ങളും അതിനെ എതിർക്കുകതന്നെ ചെയ്യും. അടുത്ത കാലത്ത് 'ക്രിസ്തുവിന്റെ തിരുമുറിവ്' എന്ന ഒരു നാടകം..... യഥാർത്ഥത്തിൽ നമുക്കറിയാം ക്രിസ്തുദേവനെ ലോകത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളും ആരാധിക്കുന്നു; ആദരിക്കുന്നു. ലോകത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളും ആദരിക്കുകയും ആരാധിക്കുകയും ചെയ്യുന്ന ഒരാളാണ് ക്രിസ്തു. ആ ക്രിസ്തു മോശക്കാരനായ ആളാണെന്ന് ലോകത്തിലെ ഒരു പുസ്തകത്തിലും എഴുതിയിട്ടില്ല, ഒരു എഴുത്തുകാരനും എഴുതിയിട്ടില്ല. ഇന്നുവരെ ചരിത്രത്തിൽ ആരും എഴുതിയിട്ടില്ല. പക്ഷേ ക്രിസ്തുവിനെ അപമാനിക്കത്തക്ക രീതിയിൽ നമ്മുടെ ഈ സംസ്ഥാനത്ത് ഒരു നാടകം കെട്ടിച്ചമച്ച് അവതരിപ്പിക്കാനുള്ള ഒരു ശ്രമം ഇന്ന് 'ക്രിസ്തുവിന്റെ തിരുമുറിവ്' എന്നു പറഞ്ഞുകൊണ്ട് നടത്തി വരികയാണ്. അത് എന്തായിരിക്കും ആറാമത്തെ തിരുമുറിവ്? എന്തായിരിക്കും അതിന്റെ പ്രത്യാഘാതം? അതിന്റെ പ്രത്യാഘാതം എന്നു പറയുന്നത് നാട്ടിൽ സംഘട്ടനത്തിന് അതിടയാക്കും എന്നുള്ളതാണ്. ഒരു വിഭാഗം ആളുകൾ ആദരിക്കുന്ന, ആരാധിക്കുന്ന ഒരാളിനെ അവമതി പറയുകയും അതുപോലെതന്നെ അപമാനിക്കുകയും ചെയ്ത നാടകങ്ങൾ പൊതു നിരത്തിൽ, പൊതുവേദിയിൽ അവതരിപ്പിച്ചാൽ സംഘട്ടനങ്ങൾ ആ പ്രദേശങ്ങളിൽ ഉണ്ടാകാനിടയുണ്ട്. മതസംഘട്ടനങ്ങൾ ഉണ്ടാവാൻ സാദ്ധ്യതയുണ്ട്. മതസൗഹാർദ്ദം തകരാൻ സാദ്ധ്യതയുണ്ട്. അത് മതേതരത്വത്തിന് എതിരാണ്. മതങ്ങളെ അപമാനിക്കലാണ്. അത് ഇൻഡ്യൻ സംസ്ക്കാരത്തിന് എതിരാണ്, ആർഷഭാരതത്തിന്റെ സംസ്ക്കാരത്തിന് എതിരാണ്. അങ്ങനെ ആറാമത്തെ തിരുമുറിവ് പ്രദർശിപ്പിക്കുന്നത് തെറ്റാണെന്ന് ഈ രാജ്യത്തെ എല്ലാവിഭാഗം ആളുകളും പറയുന്നു; ഈ ഗവൺമെന്റ് പറയുന്നു. എല്ലാ ജാതിമതത്തിൽപ്പെട്ട ആളുകളും പറയുന്നു. എല്ലാമതങ്ങളെയും ബഹുമാനിക്കുന്ന ആളുകളും പറയുന്നു, ഈശ്വരവിശ്വാസികളും പറയുന്നു. ഭാരതത്തിലെ 95% ജനതയും, കേരളത്തിലെ 95 ശതമാനം ആളുകളും പറയുന്നു. അങ്ങനെയുള്ള ആ നാടകം അവതരിപ്പിക്കണമെന്നും ഈ രാജ്യത്ത് നടത്തണമെന്നും ഈ രാജ്യത്ത് സംഘട്ടനം ഉണ്ടാക്കണമെന്നും ക്രിസ്തുദേവനെ അപമാനിക്കണമെന്നും പറയുന്നത്, ഈ രാജ്യത്തെ കമ്മ്യൂണിസ്റ്റ് പാർട്ടികളായ സി. പി. ഐ. യും സി. പി. എം. ഉം ആണ്. കമ്മ്യൂണിസ്റ്റ് പാർട്ടി ഈ രാജ്യത്തെ മതത്തിനെതിരായി പ്രവർത്തിക്കുന്നതും പ്രസംഗിക്കുന്നതും ഞങ്ങൾക്ക് മനസ്സിലാക്കാൻ കഴിയും. എന്നാൽ ഭാരതത്തിലെ, ലോകത്തിലെ ഭൂരിപക്ഷം ജനത ആരാധിക്കുന്ന ക്രിസ്തുദേവനെ അപമാനിക്കുന്ന നാടകം നടത്തി, ഈ രാജ്യത്ത് സംഘട്ടനം ഉണ്ടാക്കണമെന്ന് പറഞ്ഞുകൊണ്ട് നടക്കുന്ന കമ്മ്യൂണിസ്റ്റുപാർട്ടികൾ ഈ രാജ്യത്ത് ജനങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly

നിന്നും അകന്നവരാണെന്ന് പറയുവാൻ ഞാനാഗ്രഹിക്കുകയാണ്. ജനങ്ങളുടെ വികാരം മനസ്സിലാക്കുവാനുള്ള മനോഭാവം ഇല്ലാത്തവരാണ് എന്നുപറയാൻ ഞാനാഗ്രഹിക്കുകയാണ്. നമ്മുടെ രാജ്യത്ത് സംഘട്ടനം വരുത്തി വയ്ക്കാനുള്ള അവരുടെ നയപരിപാടികളുടെ, പ്രവർത്തന ശൈലിയുടെ ഫലമാണ് ക്രിസ്തുവിന്റെ ആറാം തിരുമുറിവ് ഈ രാജ്യത്ത് മുഴുവൻ അവതരിപ്പിക്കണം, നാട്ടിൽ മുഴുവൻ അവതരിപ്പിച്ച് സംഘട്ടനങ്ങൾക്ക് വഴിതെളിയ്ക്കണമെന്ന് കമ്മ്യൂണിസ്റ്റു പാർട്ടി സി. പി. ഐ. യും സി. പി. എം. ഉം, ഈ രാജ്യത്ത് പറഞ്ഞിട്ടുള്ളത്. അങ്ങനെ സി. പി. ഐ. യുടേയും സി. പി. എം. ന്റേയും നയം ഈ രാജ്യത്ത് നടക്കുകയില്ല. ഈശ്വരവിശ്വാസികളും ഭൂരിപക്ഷവും അധിവസിക്കുന്ന, 95 % ഈശ്വരവിശ്വാസികളും അധിവസിക്കുന്ന ഈ രാജ്യത്ത് അത് നടക്കുകയില്ല എന്നുള്ളതാണ് സത്യം. ഒരു ഗവൺമെന്റിന്റെയും ഔദാര്യം ഈ രാജ്യത്ത് ആവശ്യമില്ല. അത് നടത്താൻ ഈ രാജ്യത്ത് ആർക്കും സാദ്ധ്യമല്ല. പക്ഷേ ഒരു കാര്യം, ഞങ്ങൾക്ക് അഭിമാനത്തോടുകൂടി പറയാൻ കഴിയും. ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ശ്രീ. കെ. കരുണാകരൻ നേതൃത്വം നൽകുന്ന ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ഒരു മതത്തെ അപമാനിക്കുന്ന, ഒരു മത നേതാവിനെ അപമാനിക്കുന്ന ഒരു നാടകം അവതരിപ്പിക്കാനുള്ള അവസരമുണ്ടാക്കി കൊടുക്കുകയില്ല. അതാണ് ഈ ഗവൺമെന്റിന്റെ നേട്ടം. അതാണ് മതേതരത്വം. ആ മതേതരത്വം നിലനിൽക്കത്തക്ക രീതിയിലുള്ള ഭരണപരമായി എല്ലാ മതങ്ങളെയും ബഹുമാനിക്കുന്ന, ആദരിക്കുന്ന ഒരു ഭരണസംവിധാനമാണ് ഈ രാജ്യത്തിന് ആവശ്യം. അതാണ് ഈ ഐക്യജനാധിപത്യമുന്നണിയുടെ പ്രധാനമായിട്ടുള്ള മുദ്രാവാക്യം. എല്ലാ മതങ്ങളെയും ബഹുമാനിക്കുക, എല്ലാമതങ്ങളെയും ആദരിക്കുക മതേതരത്വം നടപ്പിലാക്കുക, അതിനുവേണ്ടി ശ്രമിക്കുന്ന ബഹുമാനപ്പെട്ട കരുണാകരന്റെ നേതൃത്വത്തിലുള്ള ഈ ഗവൺമെന്റ്, ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് യഥാർത്ഥത്തിൽ അഞ്ചു കൊല്ലം ഭരിച്ചു. അടുത്ത അഞ്ചു കൊല്ലത്തേയ്ക്കുള്ള തെരഞ്ഞെടുപ്പിനെ നേരിടാൻ പോവുകയാണ്. കമ്മ്യൂണിസ്റ്റുപാർട്ടികൾ— സി. പി. ഐ. യും സി. പി. എം. ഉം പാർട്ടികളുടെ നേതൃത്വത്തിൽ ഈ രാജ്യത്ത് നടക്കുന്ന മതത്തെ അപമാനിക്കുന്ന ആ പ്രവർത്തനശൈലിക്ക് എതിരായി കേരളത്തിലെ ജനത വിധിയെഴുതും, വരുന്ന തെരഞ്ഞെടുപ്പിൽ വിജയിക്കും എന്നുള്ള കാര്യത്തിൽ എനിക്ക് യാതൊരു സംശയവുമില്ല. അങ്ങനെ മതസൗഹാർദ്ദം നിലനിർത്താൻ, മത വിശ്വാസം നിലനിർത്താൻ, മതവിശ്വാസികൾക്ക് മാത്രം അമ്പലം ഭരിക്കാനുള്ള അവകാശം നിലനിർത്തുന്നതിനുവേണ്ടി കൊണ്ടുവന്നിരിക്കുന്ന ഈ ബില്ലിനെ അനുകൂലിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

പഞ്ചായത്തും ദേവസ്വവും വകുപ്പു മന്ത്രി (ശ്രീ. സി. എം. സുന്ദരം): സർ, ഇന്നത്തെ കാലഘട്ടത്തിൽ പൊതുവേ നാമെല്ലാവരും തന്നെ ഈ കലിയുഗത്തിലാണ് ജീവിക്കുന്നത്. സാധാരണ കലിയുഗ കാലഘട്ടങ്ങളിൽ— കർമ്മചണ്ഡാളൻ, ജൻമചണ്ഡാളൻ എന്ന് വ്യാഖ്യാനിക്കാവുന്ന ജനങ്ങളും ഉൾക്കൊള്ളുന്ന ഈ കാലഘട്ടത്തിൽ യഥാർത്ഥത്തിൽ ഈശ്വര വിശ്വാസത്തെ സംബന്ധിച്ചിടത്തോളം വളരെയധികം പ്രസക്തിയുണ്ട്. ഈശ്വരവിശ്വാസമില്ലാത്ത ആളുകളുടെ പ്രവർത്തനങ്ങൾ നമുക്ക് അനുഭവപ്പെട്ട് തുടങ്ങിയിട്ടുണ്ട്. അതിനൊരു ഉദാഹരണമാണ് നമ്മുടെ ബഹുമാനപ്പെട്ട അംഗം ശ്രീ. ടി. എസ്. ജോൺ ഇത്രയും നേരം പറഞ്ഞത്. അത് മാത്രമേ.....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. വാസുദേവമേനോൻ: ഈ ഈശ്വരവിശ്വാസത്തെ അളക്കുവാൻ ഗവൺമെൻറിനെ [illegible] എന്തെങ്കിലും മെഷിനറിയുണ്ടോ? ഈശ്വരവിശ്വാസം ഉണ്ടോ ഇല്ലയോ എന്നളക്കുവാൻ വല്ല യന്ത്രോപകരണങ്ങളും ഉണ്ടോ?

ശ്രീ. സി. എം. സുന്ദരം: ഈശ്വരവിശ്വാസത്തെപ്പറ്റി കൂടുതൽ പൂർണ്ണവിവരമുള്ള എല്ലാവർക്കും അതിനെപ്പറ്റി പരിജ്ഞാനം ഉണ്ടായിട്ടുണ്ട്. അത് കൂടി വകവച്ചുകൊണ്ടാണ് ക്ഷേത്രാരാധനയിൽ പോലും വിശ്വാസം ഉണ്ടാകണമെന്ന് ആവർത്തിച്ചു പറയാൻ നിർബന്ധിതനായിത്തീർന്നത്. അതുമാത്രമല്ല, ഇനിയുള്ള കാലഘട്ടത്തിൽ അമ്പലങ്ങളുടെയുള്ളിലുള്ള ജീവനക്കാരെ സംബന്ധിച്ചിടത്തോളവും.....

ശ്രീ. എം. പി. ഗംഗാധരൻ: ഇവിടെ വാസുദേവമേനോൻ ചോദിച്ചത്, ഈശ്വരവിശ്വാസമില്ലെന്ന് പുറമേ പറയുന്ന പല കമ്മ്യൂണിസ്റ്റുകാരും കെട്ടുംകെട്ടി ശബരിമലയ്ക്ക് പോകുന്നത് കാണുന്നുണ്ടോ എന്നാണ്?

പഞ്ചായത്തും ദേവസ്വവും വകുപ്പു മന്ത്രി (ശ്രീ. സി. എം. സുന്ദരം): ഈ കെട്ട് കൈയിലെടുത്തതുതന്നെ ഈശ്വര വിശ്വാസമാണ്. അല്ലെങ്കിൽ ആ കെട്ടെടുത്തിട്ട് ശബരിമലയ്ക്ക് പോവുകയില്ലായിരുന്നു.

ശ്രീ. ബെന്നി ബഹനാൻ: കഴിഞ്ഞ ദിവസം ഇവിടെ മഴ പെയ്യാതിരിക്കുന്നതിനുവേണ്ടി തേങ്ങയുടച്ച കാട്ടായിക്കോണം ശ്രീധരൻ ഗവൺമെൻറിന്റെ മുൻപിൽ ഒരു ഈശ്വരവിശ്വാസിയായിട്ടാണോ അറിയപ്പെടുന്നത് എന്ന് വ്യക്തമാക്കാമോ?

പഞ്ചായത്തും ദേവസ്വവും വകുപ്പു മന്ത്രി (ശ്രീ. സി. എം. സുന്ദരം): യഥാർത്ഥത്തിൽ നമ്മളെല്ലാം വളരെയധികം [illegible], ഇപ്പോൾ നിക്കുന്ന ശ്രീ. എ. കെ. ഗോപാലനടക്കമുള്ളവർ ശബരിമലയ്ക്ക് കെട്ടെടുത്തുകൊണ്ട് പോകരുത്. കുറുപ്പ് വസ്ത്രം ഉടുക്കരുത് എന്ന് നിർബന്ധിച്ചിട്ടുപോലും ധാരാളം ആളുകൾ ശബരിമലയ്ക്ക് പോയതിന്റെ ഉദാഹരണങ്ങളുണ്ട്. ഏതു പാർട്ടിയാണെങ്കിലും ശരി ഈശ്വര കേന്ദ്രീയോടുകൂടി ഇരിക്കുന്നവരെ മാറ്റാൻ ഒരു കാലഘട്ടത്തിലും സാദ്ധ്യമല്ല, അതിനൊരുദാഹരണമാണ് കാട്ടായിക്കോണം ശ്രീധരൻ.....

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: ഈശ്വര വിശ്വാസികൾക്കു വേണ്ടി വോട്ടവകാശം, ദേവസ്വം ബോർഡുകൾ എന്നു പറയുന്നതുപോലെ തന്നെ അമ്പലത്തിൽ പ്രവർത്തിക്കുന്ന ജീവനക്കാരനും ഈശ്വര വിശ്വാസം ആവശ്യമാണ് എന്ന ഒരു നിയമനിർമ്മാണം വരുത്തേണ്ട ആവശ്യകത മന്ത്രി അംഗീകരിക്കുന്നുണ്ടോ? ഈശ്വരവിശ്വാസമില്ലാതെ ദുർവൃത്തികൾ ചെയ്തു ജീവിക്കുന്നവർ പൂജാദി കർമ്മങ്ങൾ നടത്തുന്നുത് വളരെ മോശമായതുകൊണ്ട് ദേവസ്വത്തിന്റെ കീഴിലുള്ള ജീവനക്കാർക്കും ഈശ്വര വിശ്വാസം ഒരു കണ്ടിഷനായി വരുത്താനുള്ള ഒരു നിയമനിർമ്മാണത്തെപ്പറ്റി പര്യാലോചിക്കുമോ?

പഞ്ചായത്തും ദേവസ്വവും വകുപ്പു മന്ത്രി (ശ്രീ. സി. എം. സുന്ദരം): യഥാർത്ഥത്തിൽ നമ്മൾ "ചൊല്ലിക്കൊടു, നുള്ളിക്കൊടു, തള്ളിക്കള" എന്നു പറയുന്ന മാതിരി നിയമത്തെ സംബന്ധിച്ചിടത്തോളം നാം ജനങ്ങൾക്ക് പറഞ്ഞു കൊടുക്കുകയും അവരെ തിരുത്തിയെടുക്കുകയും

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യാനുള്ള ഒരു ഉപാധി മാത്രമാണ് ഇത്. ആ നിലയ്ക്ക് ഇപ്പോൾ രാജ്യത്തിൽ വ്യാപകമായിത്തന്നെ ഈശ്വരവിശ്വാസത്തെപ്പറ്റിയും ക്ഷേത്രാരാധനയെപ്പറ്റിയും അലത്തല്ലിക്കൊണ്ടിരിക്കുകയും, എല്ലാ മുക്കിലും മൂലയിലും ആളുകൾ ഈശ്വരനെപ്പറ്റി കൂടുതൽ ചിന്തിക്കുകയും അമ്പലങ്ങളിൽ മുൻകാലത്തെക്കാൾ ധാരാളം ആളുകൾ പോവുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നത് ദീപാരാധന സമയങ്ങളിൽ കാണാൻ സാധിക്കും. ഈശ്വരവിശ്വാസത്തിൽനിന്ന് വ്യതിചലിക്കുകയും കള്ളും ചാരായവും കുടിച്ചു കൊണ്ട് അമ്പലത്തിലേക്ക് പോവുകയും ചെയ്യുന്ന നമ്മുടെ നാട്ടിലെ കുറെയധികം ആളുകൾക്ക് എതിരായിട്ടുള്ള ഒരു നിയമമാണ് ഈ നിയമമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇന്നത്തെ കാലഘട്ടത്തിൽ സർക്കാർ ഈ അധികാരമുപയോഗപ്പെടുത്തി ജനങ്ങളുടെ ആവശ്യങ്ങൾക്കുവേണ്ടിയിട്ടുള്ള പള്ളികളിലും അമ്പലങ്ങളിലും ധാരാളം സഹായങ്ങൾ നൽകി സാധാരണക്കാരുടെ ഈശ്വരവിശ്വാസവും ആരാധനയ്ക്കുള്ള സൗകര്യങ്ങളുമുണ്ടാക്കുന്നതിനുവേണ്ടിയാണ് ഈ നിയമങ്ങൾ കൊണ്ടുവന്നിരിക്കുന്നത്. മലബാർ ദേവസ്വം ബോർഡിനെ സംബന്ധിച്ചിടത്തോളം നാം വളരെയധികം മുൻപോട്ട് പോയിക്കൊണ്ടിരിക്കുകയാണ്. അടുത്തയവസരത്തിൽത്തന്നെ മലബാർ ദേവസ്വം ബോർഡ് രൂപീകരിക്കാതിരിക്കാൻ നിവൃത്തിയില്ല. മുവായിരത്തോളം അമ്പലങ്ങൾ ബുദ്ധിമുട്ടനുഭവിച്ചുകൊണ്ടിരിക്കുന്നു എന്നു മാത്രമേ എനിക്ക് ഈ അവസരത്തിൽ പറയാനുള്ളൂ.

1986-ലെ തിരുവിതാംകൂർ—കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബിൽ ഭൂനികുതിയും വനവും മത്സ്യബന്ധനവും എന്ന 2-ാം സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയ്ക്ക് അയച്ചു.

മുഖ്യമന്ത്രിയുടെ പ്രസ്താവന

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ഈ സഭ രൂപം കൊണ്ടതിനുശേഷം ഭരണ മുന്നണിയും ഗവൺമെന്റും ജനാധിപത്യത്തിന്റെ മൂല്യങ്ങൾ കാത്തുസൂക്ഷിക്കുന്നതിനുവേണ്ടി പ്രതിപക്ഷത്തെ ബഹുമാനപൂർവ്വം കാണുകയും അവരുടെ സഹകരണം പരമാവധി നേടാൻ ശ്രമിക്കുകയും പ്രതിപക്ഷ ബഹുമാനത്തെ പൂർണ്ണമായി നിലനിറുത്തുന്നതിനുവേണ്ടി പല അവസരങ്ങളിലായി വിട്ടുവീഴ്ച ചെയ്യുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ട് പലപ്പോഴും, നമ്മുടെ നിയമസഭയുടെ ചട്ടങ്ങളും നടപടി ക്രമങ്ങളും അനുസരിച്ച് നിയമങ്ങൾ പാസ്സാക്കുന്നതിൽ കാലതാമസം വന്നുവെന്നുള്ളത് സത്യമാണ്. എങ്കിൽപ്പോലും അതിനുള്ള കാരണങ്ങളിൽ പ്രധാനമായും പ്രതിപക്ഷത്തിന്റെ സഹായം തേടണമെന്നുള്ളതുകൊണ്ട് പലപ്പോഴും അതിന് മുൻഗണന കൊടുക്കാൻ സാധിക്കാതെ വന്നിട്ടുണ്ട്. നമ്മുടെ വ്യവസ്ഥയനുസരിച്ച് ഒരു ബിൽ അവതരിപ്പിച്ച് ചർച്ച ചെയ്തു കഴിഞ്ഞാൽ അത് സബ്ജക്ട് കമ്മിറ്റിയ്ക്ക് പോയിട്ടുവേണം രണ്ടാമത് വന്ന് അത് പാസ്സാക്കാൻ. ഈ രണ്ടവസരത്തിൽ വരുന്ന ചർച്ചയും വകുപ്പുകൾക്കുപയോഗിക്കേണ്ട സമയവുമൊക്കെ കണക്കിലെടുത്തുകൊണ്ട് പലപ്പോഴും നിശ്ചിത തീയതിയ്ക്കുള്ളിൽ നിയമങ്ങൾ പാസ്സാക്കാൻ കഴിയാതെ വരാറുണ്ട്. മറ്റു പല പ്രശ്നങ്ങൾക്കുംവേണ്ടി ചർച്ചകൾ മാറ്റിവയ്ക്കാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly